**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ ഫോറൻസിക് ലാബുകൾ സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിൽ 14 ജില്ലാ ഫോറൻസിക്ക് ലബോറട്ടറികളും, സ്റ്റേറ്റ് ഫോറൻസിക്ക് സയൻസ് ലബോറട്ടറിയും, മൂന്ന് റീജിയണൽ ഫോറൻസിക്ക് സയൻസ് ലബോറട്ടറികളും (കൊച്ചി,തൃശ്ശൂർ,കണ്ണൂർ) പ്രവർത്തിച്ചു വരുന്ന നിലവിലെ സാഹചര്യത്തിൽ പുതിയ ലാബുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | നിലവിൽ എറണാകുളം ഫോറൻസിക് ലാബിൽ നിന്നും റിപ്പോർട്ടുകൾ ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്ന സാഹചര്യത്തിൽ, കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനോ നിലവിലുള്ള ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഫോറൻസിക്ക് പരിശോധനയ്ക്കായി ലഭിക്കുന്ന കേസുകൾ പരിശോധിച്ച് കാലതാമസം കൂടാതെ റിപ്പോർട്ടുകൾ നല്കാറുണ്ട്. ഫോറൻസിക്ക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി റിപ്പോർട്ടുകൾ നല്കുന്നതിനുമായി 12.1.2024 ലെ സ.ഉ(എം. എസ്.)16/2024/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 28 സയന്റിഫിക്ക് ഓഫീസർമാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ബയോളജി ഡിവിഷനിൽ 4,കെമിസ്ട്രി ഡിവിഷനിൽ 2, ഡോക്യുമെന്റ്സ് ഡിവിഷനിൽ 3 സയന്റിഫിക്ക് ഓഫീസർമാരുടെ സേവനം ലഭ്യമാകുന്നതാണ്.നിലവിൽ അത്യാധുനിക പരിശോധന ഉപകരണങ്ങളും ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ